# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 562 07.01.2014-ലെ മറുപടിക്ക്

**സാമ്പത്തിക പ്രതിസന്ധി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.എൻ.എ. ഖാദർ | ശ്രീ. കെ.എം. മാണി<br>ബഹു. ധനകാര്യവും, നിയമവും, ഭവനനിർമ്മാണവും വകുപ്പുമന്ത്രി |

| | | |
|---|---|---|
| (എ) | സാമ്പത്തിക പ്രതിസന്ധിയുമായി ബന്ധപ്പെട്ട് ഏതെങ്കിലും തരത്തിലുള്ള നിയമന നിരോധനമോ സാമ്പത്തിക നിരോധനമോ ഏർപ്പെടുത്തിയിട്ടുണ്ടോ ; | നിയമന നിരോധനം ഏർപ്പെടുത്തിയിട്ടില്ല. എന്നാൽ തുടർച്ചാനുമതിയുടെ അടിസ്ഥാനത്തിൽ തുടരുന്ന താല്ക്കാലിക തസ്തികകൾ നിലനിർത്തേണ്ടതിന്റെ ആവശ്യകത പരിശോധിക്കുന്നതിന് ധനകാര്യ (എക്സ്പെൻഡിച്ചർ) സെക്രട്ടറി അദ്ധ്യക്ഷനായി ഒരു സമിതിയെ നിയോഗിച്ചിട്ടുണ്ട്. കൂടാതെ ഭരണ ചെലവ് ചുരുക്കുന്നതുമായി ബന്ധപ്പെട്ട് ബഡ്ജറ്റ് വിഹിതത്തിന്റെ 150% വരെ മാത്രമേ നിർമ്മാണ പ്രവൃത്തികൾക്കുള്ള ഭരണാനുമതി നൽകാവൂ, 31.03.2014 വരെ ധനവകുപ്പിന്റെ അനുമതി കൂടാതെ അധിക തസ്തികകൾ സൃഷ്ടിക്കാൻ പാടില്ല, ഡെപ്യൂട്ടേഷൻ നിയമനങ്ങൾക്ക് നിയന്ത്രണം, നോൺ പ്ലാൻ ചെലവുകൾ ബഡ്ജറ്റ് പ്രൊവിഷനുള്ളിൽ തന്നെ പരിമിതപ്പെടുത്തേണ്ടതാണ്, അംഗീകരിക്കപ്പെട്ടതും മുൻകൂട്ടി ഏറ്റെടുത്തിട്ടുള്ളതുമല്ലാത്ത വിദേശയാത്രകൾ അനുവദിക്കുന്നതല്ല, വകുപ്പുകളിൽ പുതുതായി വാഹനങ്ങൾ വാങ്ങുന്നതിനു പകരമായി വാഹനം വാടകയ്ക്ക് മാത്രമേ എടുക്കാവൂ, പുതുതായി ആരംഭിക്കുന്ന ഓഫീസുകളിൽ വാടകയ്ക്ക് മാത്രമേ വാഹനം അനുവദിക്കാവൂ തുടങ്ങിയ നിർദ്ദേശങ്ങളും 05.08.2013 ലെ 382/2013/ധന, 11.10.2013 ലെ 580/2013/ധന നമ്പർ ഉത്തരവുകൾ പ്രകാരം നൽകിയിട്ടുണ്ട്. |
| (ബി) | എങ്കിൽ ഏതൊക്കെ മേഖലകളിലാണ് പ്രസ്തുത നിരോധനങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ ? | |

സെക്ഷൻ ഓഫീസർ